ശ്രീ. എൻ. കുഞ്ഞുരാമൻ: എല്ലാ സ്റ്റേഷനുകളിലും ചെക്കിംഗ് ഉണ്ട്.

ശ്രീ. സി. വി. ഇയ്യു: ഈ ചെക്കിംഗ് സ്റ്റേഷന്റെ അകത്തു പരിശോധിച്ചു നോക്കാറുണ്ടോ?

**Mr. Speaker:** It is beyond the scope of the question asked and answer given.

## തീപ്പെട്ടി കമ്പനിക്കാരുമായുള്ള കരാർ

*വ്യ. (വ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദേശ തീപ്പെട്ടികമ്പനിക്കാരുമായി മരംകൊടുക്കുന്നതിന് കരാറുചെയ്തപ്രകാരം മുൻ തിരുവിതാംകൂർ സ്റ്റേറ്റിലോ മുൻ കൊച്ചിസ്റ്റേറ്റിലോ വല്ല കരാറുകളും ഇപ്പോൾ നിലവിലുണ്ടോ;

(ബി) തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നു ഇപ്പോഴും തീപ്പെട്ടിയുണ്ടാക്കുവാനുള്ള മരം പുറം രാജ്യങ്ങളിലേക്ക് കയറ്റി അയക്കുവാൻ പെർമിറ്റ് കൊടുക്കുന്നുണ്ടോ;

(സി) ഈ രാജ്യത്തു സ്ഥാപിതമായിരിക്കുന്ന തീപ്പെട്ടി കമ്പനികൾക്ക് എന്തു തരത്തിലുള്ള പ്രോത്സാഹനമാണ് ജനകീയ ഗവൺമെണ്ടു് ചെയ്തുതു് എന്നു് പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) മദ്രാസ് സ്റ്റേറ്റിലേക്ക് കയറ്റി അയക്കുവാനുള്ള പെർമിറ്റ് കൊടുക്കുന്നുണ്ടു്.

(സി) ഈ രാജ്യത്തു സ്ഥാപിതമായിട്ടുള്ള തീപ്പെട്ടി കമ്പനികൾക്ക് സൌജന്യ റേറ്റിനു് ആവശ്യമുള്ളതു മരം കൊടുക്കുന്നുണ്ടു്. പുറംരാജ്യങ്ങളിലുള്ള കമ്പനികൾക്ക് കൊടുക്കുന്ന മരത്തിനു് പന്ത്രണ്ടരശതമാനം മുതൽ ഇരുപത്തിയഞ്ചു ശതമാനംവരെ കൂടുതൽ വില വസൂലാക്കുന്നുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: കയറ്റി അയക്കുന്ന തടി ഗവൺമെണ്ടു് ചെക്ക ചെയ്യാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടു് അളന്നു ചെക്കചെയ്തശേഷമാണ് കൊടുക്കുന്നതു്.

**Sri. Konnanathu Kunjirama Menon:** Sir, on a point of order. Am I not entitled to ask supplementary questions?

**Mr. Speaker:** Yes. Member is.

ചോദ്യം ചോദിക്കാൻ അവകാശമുണ്ടു്. പക്ഷെ ചോദിക്കാത്ത ചോദ്യത്തിനു ഉത്തരം പറയാൻ നിവർത്തിയില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: എത്രകാലത്തേക്ക് ഇങ്ങനെ തടി കൊടുത്തുകൊള്ളാമെന്നാണ് കരാറു ചെയ്തിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇത്ര കാലത്തേക്ക് കൊടുത്തുകൊള്ളാമെന്നു കരാറില്ല. ഇത്ര ടൺ ഇലവുമരം കൊല്ലംതോറും കൊടുക്കാമെന്നു് കരാറു ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഇവിടെയുള്ള കമ്പനികൾക്ക് ആവശ്യമുള്ള തടി കൊടുത്തുപോയിട്ട് ബാക്കിയുള്ളതാണോ പുറത്തേക്ക് അയക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെയുള്ള കമ്പനികൾക്കും ആവശ്യമുള്ള തടി കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ശങ്കർ: കരാറിൽ തടി കൊടുക്കുന്നതിനെ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നുമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇത്ര തടിക്ക് ഇത്ര വില തരണം എന്ന കരാറല്ലാതെ വേറെ വ്യവസ്ഥകളൊന്നും ചെയ്തിട്ടില്ല.

ശ്രീ. ആർ. ശങ്കർ: കരാറനുസരിച്ച് എത്ര വിലയാണ് നിശ്ചയിച്ചിരിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു ടണ്ണിനു 80 രൂപയാണ്.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ കരാറുണ്ടാക്കിയതു് എന്നാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംയോജനത്തിനു മുമ്പുള്ള കൊച്ചി ഗവൺമെണ്ടുമായിട്ടുള്ള ഒരു കരാറാണ്. അക്കാലത്തു മന്ത്രി ആരായിരുന്നു എന്നറിയാനാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെങ്കിൽ അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. വി. ഇയ്യു: കൂടുതൽ ആദായകരമായ ഒരു കരാറിൽ ഏർപ്പെടാൻ തയ്യാറുള്ളവർ അന്നു വേറെയുണ്ടായിരുന്നോ എന്നു് ഗവൺമെണ്ടിനറിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. സി. സി. പ്രസാദ്: ഈ കരാറൊഴിയിട്ടുള്ളതു് കോൺഗ്രസ്സ് ഗവൺമെണ്ടു് അധികാരത്തിൽ വരുന്നതിനു മുമ്പല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെന്നാണ് ഓർമ്മ.

ശ്രീ. എ. താണുപിള്ള: ഈ സംസ്ഥാനത്തുള്ള കമ്പനികൾക്കെല്ലാംകൂടി ആകെ എത്രതടി വേണമെന്നു് വല്ല കണക്കുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ പ്രത്യേക കണക്കൊന്നുമില്ല. അവരാവശ്യപ്പെടുന്നതു് ഇപ്പോൾ കൊടുക്കുന്നുണ്ട്.

ശ്രീ. എ. താണുപിള്ള: ഇവിടെയുള്ള എല്ലാ കമ്പനികൾക്കുമായി ഉദ്ദേശം ഇത്ര തടി വേണ്ടിവരുമെന്നു് എന്തെങ്കിലും ഒരു കണക്കു് ഗവൺമെണ്ടിനുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ്സില്ലാതെ അതിനു മറുപടി പറയുവാൻ പ്രയാസമാണ്.

ശ്രീ. സി. വി. ഇയ്യു: കോൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷം ഈ കരാറു് പുതുക്കിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പുതുക്കിയിട്ടുണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly